"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -കോഴിക്കോട് ജില്ല പഞ്ചായത്ത്-SPCA (society for the prevention of cruelty to animals) നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വിരമിച്ച ശ്രീ പി. രവീന്ദ്രൻ എന്നവർക്ക് 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2138/2025/LSGD തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:-

1. 09/09/2015 ലെ GO(MS) No.276/2015/LSGD നമ്പർ ഉത്തരവ്
2. സാ.ഉ(സാധാ) നം. 319/2024/ധന, തീയതി,10.01.2024
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 08/07/2024 ലെ LSGD/DP/796/2024 നമ്പർ കത്ത്
4. സ.ഉ(സാധാ)നം.865/2025/LSGD , തീയതി 29/03/2025
5. മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 10.06.2025 ലെ AHD/6570/2024-E2 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള SPCA യിൽ (society for the prevention of cruelty to animals) നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും 31-10-2015 - ൽ വിരമിച്ച ശ്രീ. പി. രവീന്ദ്രന് 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി. ആയതിൻപ്രകാരം 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിച്ചുകൊണ്ട് ഈ വകുപ്പിൽ നിന്നും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാമ്പത്തികവർഷം മാറിയ സാഹചര്യത്തിൽ ഫണ്ട് അനുവദിക്കുന്നതിന് ഉത്തരവ് പുതുക്കി നൽകണമെന്ന് പരാമർശം (5) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു.

2. ശ്രീ.പി.രവീന്ദ്രന് 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് ഇത് വരെ അനുവദിച്ചില്ല എന്ന് ഡിക്ലറേഷൻ വാങ്ങിയ ശേഷം നടപ്പ വർഷത്തെ വിഹിതത്തിൽ നിന്നും തുക അനുവദിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായം രേഖപ്പെടുത്തി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. രവീന്ദ്രന് എക്സ്ഗ്രേഷ്യാ അലവൻസിന് അർഹതയുള്ളതിനാലും,

2023-24 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് പരാമർശം (2) പ്രകാരം അനുവദിച്ചതിനാലും, ശ്രീ.പി.രവീന്ദ്രന് 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസിന് അർഹതയുള്ളതിനാലും, പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരമുള്ള 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് കൈപ്പറ്റിയിട്ടില്ലായെന്ന് ശ്രീ.പി.രവീന്ദ്രൻ ഡിക്ലറേഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും, പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ടിയാൻ കൈപ്പറ്റിയിട്ടില്ലെന്ന് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിൽ ശ്രീ. പി. രവീന്ദ്രന് 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ഒരു മാസത്തേക്ക് 8100/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ള എക്സ്ഗ്രേഷ്യാ അലവൻസായ 97,200/- രൂപ (തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) **2403-00-196-50 ( NP )-Block Grants for Revenue Expenditure** എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
3) ശ്രീ. പി. രവീന്ദ്രൻ, എസ്.പി.സി.എ ഓഫീസ്അറ്റൻഡന്റ്,റിട്ടയേർഡ് (സെക്രട്ടറി,കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖാന്തരം)
4) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
6) ചീഫ് മിഷൻ ഡയറക്ടർ ആന്റ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി3/95/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 30-08-2025 11:49:01

സെക്ഷൻ ഓഫീസർ